## പതിന്നാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *695      04.11.2016 -ൽ മറുപടിക്ക്

### വില്ലേജ് ആഫീസ് കെട്ടിടങ്ങളുടെ നവീകരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.ഗീതാ ഗോപി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പല വില്ലേജ് ആഫീസുകളുടെയും കെട്ടിടങ്ങളുടെ അവസ്ഥ പരിതാപകരമാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (എ) & (ബി) ഉണ്ട് |
| (ബി) ഭൂമി സംബന്ധമായ സുപ്രധാന രേഖകൾ സൂക്ഷിക്കുന്ന പല വില്ലേജ് ആഫീസ് കെട്ടിടങ്ങളും, ചോർന്നൊലിക്കുന്നതും സുരക്ഷാസംവിധാനങ്ങൾ ഇല്ലാത്തതുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | |
| (സി) പ്രസ്തുത കെട്ടിടങ്ങളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) വില്ലേജാഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ, നോൺ പ്ലാൻ ഹെഡുകളിൽ ഫണ്ട് ലഭ്യത അനുസരിച്ച് അടിയന്തിര പണികൾ ആവശ്യമുള്ള കെട്ടിടങ്ങളുടെ പണികൾ മുൻഗണനാ ക്രമത്തിൽ നടത്തി വരുന്നു. സംസ്ഥാനത്തെ വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജുകളാക്കാനും പദ്ധതിയിലൂടെ ഘട്ടം ഘട്ടമായി സംസ്ഥാനത്ത് എല്ലാ വില്ലേജാഫീസുകളും നവീകരിക്കാനുള്ള നടപടി തുടരുന്നു. കെട്ടിടം പണിയുന്നതിനോടൊപ്പം ആഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ കൂടി ഈ പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2017-22 പഞ്ചവത്സര പദ്ധതി വഴിയും പൊതുമരാമത്ത് വകുപ്പ് വഴിയും പ്രസ്തുത കെട്ടിടങ്ങൾ ഘട്ടം ഘട്ടമായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ